പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1213

20.03.2012 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി.യുടെ ഒന്നാം ഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഒന്നാംഘട്ടം അതിന്റെ ലക്ഷ്യം നേടിക്കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. 2002 -ൽ തുടങ്ങി 2007-ൽ പണി പൂർത്തിയാക്കാൻ ഉദ്ദേശിച്ച കെ.എസ്.ടി.പി. ഒന്നാംഘട്ടം ഭൂമി ഏറ്റെടുക്കുന്നതിൽ വന്ന കാലതാമസവും, കരാറുകാരുടെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയും മൂലം 2011 ഫെബ്രുവരിമാസം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ. എങ്കിലും കെ.എസ്.ടി.പി. ഏറ്റെടുത്ത 1410 കി.മീ.റോഡുകളുടെ നിലവാരം ഉയർത്താൻ ഒന്നാംഘട്ട പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. തന്മൂലം ഈ റോഡുകളിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവും അറ്റകുറ്റ പണികളുടെ ചെലവും ഏതാണ്ട് 20% കുറഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിൽ അഭിവൃദ്ധിപ്പെടുത്തിയ അപകടമേഖലകളിൽ 20% അപകടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിൽ അഭിവൃദ്ധിപ്പെടുത്തിയ റോഡുകളിലൂടെ ഉള്ള സഞ്ചാര സമയത്തിന് 20% കുറവുണ്ടായിട്ടുണ്ട്. കൂടാതെ കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിലൂടെ പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഇപ്രകാരം |

വിലയിരുത്തിയാൽ കെ.എസ്.ടി.പി. ഒന്നാംഘട്ടം അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ ഏറെക്കുറെ വിജയിച്ചതായി കണക്കാക്കാവുന്നതാണ്.

| | |
|---|---|
| (സി) രണ്ടാംഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിന് ലോക ബാങ്ക് ധനസഹായത്തിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 2012 മെയ്-ജൂൺ മാസം രണ്ടാംഘട്ടത്തിലെ റോഡുകളുടെ ടെണ്ടർ വിളിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ഡി) ഏതൊക്കെ പദ്ധതികളാണ് രണ്ടാംഘട്ടത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | (ഡി) കേരളത്തിൽ ആകെ 367 കി.മീ. ദൈർഘ്യംവരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- |

1. ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡ്. (എം.സി.റോഡ്) - 87.50 കി.മീ.
2. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ്. - 132.22 കി.മീ.
3. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.
4. പിലാത്തറ – പാപ്പിനിശ്ശേരി റോഡ് - 20.90 കി.മീ.
5. തളിപ്പറമ്പ – ഇരിട്ടി റോഡ് - 4.5 കി.മീ.
6. തലശ്ശേരി – വളവുപാറ റോഡ് - 53.12 കി.മീ.
7. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ റോഡ്. -41 കി.മീ.

കൂടാതെ 1000 കി.മീ.റോഡുകളുടെ ഹെവിമെയിന്റനൻസ്, റോഡുസുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മീ. റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റ പണികൾ ചെയ്യുക എന്നിവ കൂടി കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം കേരളം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഇ) രണ്ടാം ഘട്ടത്തിന് എന്തു ചെലവ് പ്രതീക്ഷിക്കുന്നു?

(ഇ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് മൊത്തം 2942 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ലോകബാങ്കിന്റെ വായ്പ 648 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ